**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2854** **18-03-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ 2021-22-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാൻ മന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (പി.എം. എ.ജെ. എ.വൈ.) പ്രകാരം ധനസഹായം ലഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കേന്ദ്ര സർക്കാർ 2021-22-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാൻ മന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (പി.എം. എ.ജെ. എ.വൈ.) പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ SCA to SCSP പദ്ധതി പ്രകാരം ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ജില്ലാതല കമ്മിറ്റി അംഗീകരിച്ച ആക്ഷൻ പ്ലാൻ SCA to SCSP പദ്ധതി മാർഗ്ഗരേഖയിലെ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി ഓൺലൈൻ ആയി സമർപ്പിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച വെബ് പോർട്ടൽ ലോഗിൻ ഐ.ഡി. പാസ് വേഡ് എന്നിവയും നൽകിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 2022-23 -ലെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 2022-23 -ലെ സംസ്ഥാന ബഡ്ജറ്റിൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ